# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**

ചോദ്യം നം.1755          25.03.2013 ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം**

| | ചോദ്യം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ : | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ ഏതെല്ലാം എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളിൽ എ.ടി.എം. സൗകര്യമുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;<br>ഉണ്ടെങ്കിൽ എവിടെയെല്ലാം എന്നറിയിക്കുമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിൽ കാസർഗോഡ്, കാഞ്ഞങ്ങാട് മുനിസിപ്പൽ പ്രദേശത്തും ബദിയഡുക്ക, കാറഡുക്ക, കയ്യൂർ ചീമേനി, കള്ളാർ, ചെങ്കള എന്നീ പഞ്ചായത്തുകളിലും എ.റ്റി.എം സൗകര്യം ഉണ്ട്. |
| (ബി) | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ധനസഹായം എ.ടി.എം വഴിയാണോ നൽകുന്നത്; എങ്കിൽ ആയതിലെ പ്രായോഗിക ബുദ്ധിമുട്ടുകളെ ക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ യെന്നറിയിക്കുമോ; | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രതിമാസ പെൻഷൻ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം എ.ടി.എം വഴിയും മണിയോർഡർ വഴിയുമാണ് നിലവിൽ നൽകി വരുന്നത്. എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള ധനസഹായം അനുവദിക്കുന്ന 3980 പേരിൽ 3787 പേർക്ക് ഗുണഭോക്താക്കളുടെ പേരിൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തും 193 പേർക്ക് ഇലക്ട്രോണിക് മണിയോർഡർ മുഖേനയും ധനസഹായം അനുവദിച്ചു വരുന്നു. ബാങ്ക് അക്കൗണ്ടിൽ നിന്നും സൗകര്യപ്രദമായ വിധം തുക പിൻവലിക്കുന്നതിന് ഗുണഭോക്താക്കൾക്ക് എ.റ്റി.എം കാർഡും നൽകിയിട്ടുണ്ട്. പ്രതിമാസ പെൻഷൻ എ.ടി.എം.വഴിയായതുമൂലം പല പ്രയാസങ്ങളും അനുഭവപ്പെടുന്നതായി അറിയിച്ചുകൊണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ധനസഹായം ദുരിത ബാധിതർക്ക് നേരിട്ടെത്തിച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ബാങ്ക് അക്കൗണ്ട് വഴി തുക പിൻവലിക്കുന്നതിന് ബുദ്ധിമുട്ടുള്ള ഗുണ ഭോക്താക്കൾക്ക് അവരുടെ അപേക്ഷ പ്രകാരം മണിയോർഡർ ആയി ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ